REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വന്ദേമാതരം ദേശീയ ഗീതത്തിന്റെ 150-ാം വാർഷികാഘോഷങ്ങൾക്ക് തുടക്കം. പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഒരു വർഷത്തെ ആഘോഷപരിപാടി ഉദ്ഘാടനം ചെയ്തു.**
- **പൊതു ഇടങ്ങളിലെ തെരുവുനായശല്യം നിയന്ത്രിക്കാൻ തദ്ദേശ സ്ഥാപനങ്ങൾ നടപടിയെടുക്കണമെന്ന് സുപ്രീംകോടതി.**
- **സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് പാലക്കാട് തുടക്കമായി.**
- **കേരളത്തിലെ ആരോഗ്യമേഖല തകർച്ചയിലാണെന്ന് കോൺഗ്രസ്.**
- **യാത്രക്കാരുടെ സുരക്ഷയ്ക്ക് പൊലീസും റയിൽവേ സംരക്ഷണ സേനയും സഹകരിച്ച് 'ഓപ്പറേഷൻ രക്ഷിത' പദ്ധതി നടപ്പാക്കും.**

## വാർത്തകൾ വിശദമായി

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തിന്റെ ഭാഗമായി ഒരു വർഷം നീളുന്ന അനുസ്മരണ പരിപാടികൾ പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വന്ദേമാതരം സ്മാരക സ്റ്റാമ്പും, സ്മരണികാനാണയവും പ്രധാനമന്ത്രി പ്രകാശനം ചെയ്തു. ജനങ്ങൾക്ക് ദേശീയഗാനം ആലപിക്കുന്നത് അപ്‌ലോഡ് ചെയ്യാനും സർട്ടിഫിക്കറ്റ് നേടാനും കഴിയുന്ന വന്ദേമാതരം 150.IN എന്ന പോർട്ടലും നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു.

വന്ദേമാതരം ഒരു മന്ത്രവും ഊർജ്ജവും ദൃഢനിശ്ചയവുമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.ചരിത്രത്തിലേക്ക് തിരികെ കൊണ്ടുപോകാനും വർത്തമാനകാലത്ത് ആത്മവിശ്വാസം പകരാനും ഭാവിയിൽ ദൃഢനിശ്ചയം ഉണ്ടാക്കാനും വന്ദേമാതരം ഊർജ്ജം നൽകുമെന്ന് നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. ഹൃദയത്തെ ഉത്തേജിപ്പിക്കുന്ന ആവിഷ്കാരത്തിനപ്പുറം വന്ദേമാതരം കൂട്ടായി ആലപിക്കുന്നത് ഒരു അനുഭവമായി തീരുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്........

ഓരോ ഇന്ത്യക്കാരനും ഈ ദിനം മഹത്തായ അവസരമാണെന്ന് പ്രധാനമന്ത്രി നേരത്തെ സാമൂഹിക മാധ്യമത്തിൽ കുറിച്ചിരുന്നു. വന്ദേമാതരം തലമുറകളെ പ്രചോദിപ്പിക്കുകയും രാജ്യമെമ്പാടും ദേശ സ്നേഹത്തിന്റെ ശാശ്വതാത്മാവിനെ ജ്വലിപ്പിക്കുകയും ചെയ്ത ആവേശകരമായ ആഹ്വാനമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

1875 നവംബർ എഴിന് അക്ഷയ നവമി ദിനത്തിലാണ് ബങ്കിം ചന്ദ്ര ചാറ്റർജി വന്ദേമാതരം രചിച്ചത്. ആനന്ദമഠം നോവലിന്റെ ഭാഗമായി ബംഗ ദർശനം എന്ന സാഹിത്യമാസികയിലാണ് വന്ദേമാതരം ആദ്യമായി പ്രസിദ്ധീകരിച്ചത്. പിന്നീട് ഇന്ത്യയുടെ ഐക്യത്തിന്റെയും ദേശീയ അഭിമാനത്തിന്റെയും ശാശ്വത പ്രതീകമായും ദേശീയ ഗീതമായും മാറുകയായിരുന്നു വന്ദേമാതരം.

✪✪✪

ദേശീയഗീതം വന്ദേമാതരത്തിന്റെ 150-ാം വാർഷികദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഭാരതാംബയോട് ആദരസൂചകമായ ഈ ഗാനം ഭാരതീയരുടെ വൈകാരിക ബോധത്തിന്റെയും ഐക്യത്തിന്റെയും വിളംബരമായി തുടരുന്നുവെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

വന്ദേമാതരത്തിന്റെ 150 -ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി BJP സംസ്ഥാന തല പരിപാടി തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്തു. വികസിത ഭാരതത്തിനായി വന്ദേമാതര ഗീതം പ്രചോദനമാകണമെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

യുവാക്കൾ വന്ദേമാതരത്തിന്റെ അർത്ഥവും പ്രാധാന്യവും മനസിലാക്കണമെന്നും രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു.

✪✪✪

വന്ദേമാതരത്തിന്റെ 150-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ന്യൂനപക്ഷ കാര്യ മന്ത്രാലയം ന്യൂഡൽഹിയിലെ പണ്ഡിറ്റ് ദീൻദയാൽ അന്ത്യോദയ ഭവനിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചു. കേന്ദ്രമന്ത്രി കിരൺ റിജിജു, കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

വന്ദേമാതരത്തിന്റെ നൂറ്റമ്പതാം വാർഷികാഘോഷത്തിന് തുടക്കംകുറിച്ച് കോഴിക്കോട് ഈസ്റ്റ് ഹിൽ കേന്ദ്രീയ വിദ്യാലയത്തിൽ വന്ദേ മാതരം ആലാപനചടങ്ങിൽ സ്കൂൾ വിദ്യാർഥികൾക്കൊപ്പം മേരാ യുവ ഭാരത് പ്രതിനിധികളും പങ്കെടുത്തു.

കണ്ണൂർ PM ശ്രീ കേന്ദ്രിയ വിദ്യാലയയിൽ രാവിലെ നടന്ന അസംബ്ലിയിൽ വിദ്യാർത്ഥികൾ വന്ദേമാതരം ആലപിച്ചു.

✪✪✪

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, സ്പോർട്സ് സമുച്ചയങ്ങൾ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ പൊതു ഇടങ്ങളിൽ തെരുവുനായശല്യം നിയന്ത്രിക്കാൻ നടപടിയെടുക്കണമെന്ന് സുപ്രീംകോടതി തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി. വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യത്തിൽ ആശങ്ക പ്രകടിപ്പിച്ച ഡിവിഷൻബെഞ്ച് ആവശ്യമെങ്കിൽ നായ്ക്കൾ കയറാത്ത തരത്തിൽ ഇത്തരം ഇടങ്ങൾ വേലികെട്ടി സംരക്ഷിക്കണമെന്നും ഉത്തരവിട്ടു.

ഓരോ പ്രദേശത്തേയും തെരുവുനായ ശല്യം നിയന്ത്രിക്കേണ്ടത് തദ്ദേശ സ്ഥാപനങ്ങളാണ്. ഇവയെ പിടികൂടി സംരക്ഷണ കേന്ദ്രങ്ങളിലെത്തിച്ച് വന്ധീകരിക്കണം. ഒരു പ്രദേശത്തുനിന്ന് പിടി കൂടുന്ന തെരുവുനായ്ക്കളെ വന്ധ്യംകരണത്തിന് ശേഷം അതേ സ്ഥലത്ത് തിരിച്ച് വിടാൻ പാടില്ലെന്നും കോടതി നിർദേശിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ സമയബന്ധിത പരിശോധനയിലൂടെ നായ്ക്കൾ പെരുകുന്നില്ലെന്ന് ഉറപ്പാക്കണം.

ദേശീയ പാതകളിലെ അലഞ്ഞുതിരിയുന്ന കന്നുകാലികളേയും ഒഴിവാക്കണമെന്ന് കോടതി ആവശ്യപ്പെട്ടു. ദേശീയ പാതയിലും എക്സ്പ്രസ് വേയിലും മറ്റ് റോഡുകളിലും കന്നുകാലി ശല്യം ഒഴിവാക്കാൻ രാജസ്ഥാൻ ഹൈക്കോടതി നിർദേശിച്ച നടപടികൾ ബെഞ്ച് പൂർണമായി ശരിവെച്ചു. സംസ്ഥാന ചീഫ് സെക്രട്ടറിമാർ ഈ നിർദേശം പൂർണമായി പാലിക്കണം. അല്ലാത്തപക്ഷം അവരുടെ വ്യക്തിപരമായ വീഴ്ചയായി ഇതിനെ കണ്ട് നടപടിയെടുക്കുമെന്നും സുപ്രീം കോടതി അറിയിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കുവൈത്തിലെ മലയാളികളെ അഭിസംബോധന ചെയ്യും. കുവൈറ്റ് മൻസുരായിലെ അൽ അറബി ഇൻഡോർ സ്റ്റേഡിയത്തിലാണ് പരിപാടി.

✪✪✪

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് പാലക്കാട് തുടക്കമായി. വൈകീട്ട് മന്ത്രി V ശിവൻകുട്ടി ശാസ്ത്രോത്സവം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. രാവിലെ ഗവൺമെന്റ് മോയൻസ് സ്കൂളിൽ രജിസ്ട്രേഷൻ ആരംഭിച്ചു. നഗരത്തിലെ 6 സ്കൂളുകളിലാണ് മത്സരങ്ങൾ. 14 ജില്ലകളിലെ 8500-ൽ അധികം പ്രതിഭകൾ നാല് ദിവസത്തെ ശാസ്ത്രോത്സവത്തിൽ പങ്കെടുക്കും.

✪✪✪

സ്ത്രീകൾ ഉൾപ്പെടെ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനും സുരക്ഷിതത്വ ബോധം വർധിപ്പിക്കാനും കേരള പൊലീസ് റയിൽവേ സംരക്ഷണ സേനയുമായി സഹകരിച്ച് 'ഓപ്പറേഷൻ രക്ഷിത' പദ്ധതി നടപ്പാക്കും. വർക്കലയിൽ കേരള എക്സ്പ്രസിൽ നിന്ന് യുവതിയെ അക്രമി ചവിട്ടി പുറത്തേക്കു വീഴ്ത്തിയ സംഭവത്തിനു പിന്നാലെയാണ് നടപടി.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്...

.......വോയ്സ്....

തിരുവനന്തപുരം,എറണാകുളം, പാലക്കാട്, കോഴിക്കോട്, എന്നിങ്ങനെ നാലു മേഖലകളായി തിരിച്ച് റെയിൽവേ ഡിവൈഎസ്പിമാരുടെ മേൽനോട്ടത്തിൽ വനിത പൊലീസ് ഉൾപ്പെടെയുള്ള സേനാംഗങ്ങളെ ഉൾപ്പെടുത്തിയാണ് 'ഓപ്പറേഷൻ രക്ഷിത പദ്ധതി നടപ്പാക്കുന്നത്.

പദ്ധതിയുടെ ഭാഗമായി സഞ്ചരിക്കുന്ന ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും പട്രോളിങ്ങും സ്ത്രീകൾ കൂടുതലായുള്ള കംപാർട്ട്മെന്റുകളിൽ പ്രത്യേക പരിശോധനയും നടത്തും. റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം അനധികൃതമായ പ്രവർത്തനങ്ങൾ, മദ്യപിച്ച് യാത്ര ചെയ്യൽ, ലഹരിക്കടത്ത്, സ്ത്രീ യാത്രക്കാരോടുള്ള മോശം പെരുമാറ്റം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുക എന്നിവയാണ് 'ഓപ്പറേഷൻ രക്ഷിതയുടെ പ്രധാന ലക്ഷ്യം.

റെയിൽവേ സ്റ്റേഷനുകളിലെ എൻട്രി എക്സിറ്റ് കവാടങ്ങളിലും പ്ലാറ്റ്ഫോമുകളിലും ട്രെയിനുകളിലുമുള്ള പരിശോധനയും കർശനമാക്കിയിട്ടുണ്ട്. മദ്യലഹരിയിലുള്ള യാത്രക്കാരെ തിരിച്ചറിയുന്നതിനായി ആൽക്കോമീറ്റർ പരിശോധന റെയിൽവേ സ്റ്റേഷനുകളിൽ ഇതിനോടകം

ആരംഭിച്ചിട്ടുണ്ട്. മദ്യപിച്ച് യാത്രചെയ്യുന്നവർക്കെതിരെ ഇന്ത്യൻ റെയിൽവേ നിയമ പ്രകാരം കേസെടുക്കുമെന്ന് അധികൃതർ അറിയിച്ചു

✪✪✪

വികസിത ഭാരത ലക്ഷ്യം കൈവരിക്കാൻ മുസ്ലിം സമൂഹത്തെ ചേർത്ത് നിർത്തി BJP മുസ്ലിം ഔട്ട് റീച് പ്രോഗ്രാം നടത്തുമെന്ന് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. അബ്ദുൾ സലാം തിരുവനന്തപുരത്ത് അറിയിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുസ്ലിം ജനവിഭാഗത്തിലെ രാഷ്ട്രീയ നേതാക്കളെയും ഹാജിമാരെയും വനിതകളെയും നേരിൽ കണ്ട് വികസിത ഭാരത കാഴ്ചപ്പാട് വിശദീകരിക്കും. ഇതിന് 14 ജില്ലകളിൽ 500 പ്രവർത്തകരെ നിയോഗിച്ചിട്ടുണ്ട്.

എല്ലാ ജനവിഭാഗങ്ങളെയും ചേർത്ത് നിർത്തുന്ന ഭരണമാണ് നരേന്ദ്രമോദി ഗവൺമെന്റിന്റേതെന്നും അബ്ദുൾ സലാം പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ആരോഗ്യമേഖല വൻ തകർച്ചയിലാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. തിരുവനന്തപുരത്തെ വേണുവിന്റെ മരണം ഇതിന് ഒടുവിലത്തെ ഉദാഹരണമാണെന്നും പ്രതിപക്ഷ നേതാവ് മാധ്യമങ്ങളോട് പറഞ്ഞു.

കേരളത്തിൽ പണം നൽകുന്നവർക്ക് മാത്രമാണ് വിദഗ്ധ ചികിത്സ ലഭിക്കുന്നതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആരോപിച്ചു. സംസ്ഥാനത്തെ മെഡിക്കൽ കോളജുകളുടെ സ്ഥിതി ദയനീയമാണെന്നും ചെന്നിത്തല ആരോപിച്ചു.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ കൃഷിയോന്നതി യോജനയുടെ ഭാഗമായി നടപ്പാക്കുന്ന നാഷണൽ ഫുഡ് സെക്യൂരിറ്റി ന്യൂട്രീഷൻ മിഷന് പാലക്കാട് പട്ടിത്തറ ഗ്രാമ പഞ്ചായത്തിൽ തുടക്കമായി. മന്ത്രി MB രാജേഷ് ഉത്ഘാടനം ചെയ്തു.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്...

.......വോയ്സ്.....

പ്രദേശത്തെ മുതിർന്ന കർഷകൻ അബൂബക്കറിന് പൗർണമി നെൽവിത്ത് നൽകിയാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സംയോജിതമായി നടപ്പാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് 10.4 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.നെല്ലിന്റെ ഉൽപാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ പുഞ്ച കൃഷി ചെയ്യുന്ന നെൽപ്പാടങ്ങളിലാണ് പദ്ധതി

നടപ്പിലാക്കുന്നത്. കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത പത്തുവർഷത്തിൽ താഴെ പഴക്കമുള്ള നെല്ലിനങ്ങളാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്.  12 ഹെക്ടർ വീതമുള്ള ക്ലസ്റ്ററുകളിലായാണ് കൃഷി ഇറക്കുക.

✪✪✪

ഇന്ത്യൻ ഹോക്കിയുടെ തിളക്കമേറിയ 100 വർഷങ്ങൾ ഇന്ന് രാജ്യവ്യാപകമായി ആഘോഷിക്കുന്നു. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി രാജ്യത്തെ 550 ജില്ലകളിൽ 1,400 ലേറെ മത്സരങ്ങൾ സംഘടിപ്പിക്കും.

ന്യൂഡൽഹിയിലെ മേജർ ധ്യാൻ ചന്ദ് നാഷണൽ സ്റ്റേഡിയത്തിലെ പ്രത്യേക പരിപാടിയിൽ കേന്ദ്ര മന്ത്രിമാർ പങ്കെടുക്കുന്ന പ്രദർശന മത്സരം നടത്തും. ഹോക്കി ഇതിഹാസങ്ങളെ ആദരിക്കുകയും കായികരംഗത്തെ അവരുടെ സംഭാവനകളെ അംഗീകരിക്കുകയും ചെയ്യുന്ന പരിപാടിയും ഉണ്ടായിരിക്കും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ  ഒന്നാംസ്ഥാനത്തിനായി ഇന്ന് കണ്ണൂരിൽ വാശിയേറിയ പോരാട്ടം. കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ വൈകിട്ട്  7.30-നാണ് മത്സരം.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

.......വോയ്സ്........

കണ്ണൂർ വാരി യേഴ്സ് എഫ്സിയും തൃശ്ശൂർ മാജിക് എഫ്സിയുമാണ് വിജയത്തിനായുള്ള പോരാട്ടം കാഴ്ചവെക്കുക. നിലവിൽ നാല് മത്സരങ്ങളിൽ നിന്ന് എട്ടു പോയിന്റുമായാണ്

കണ്ണൂർ വാരിയേഴ്സ് എഫ്സി മത്സരത്തിനിറങ്ങുക. തോൽവി അറിയാതെ രണ്ട് ജയവും രണ്ട് സമനിലയുമായാണ് വാരിയേഴ്സ്  പോരാടാൻ ആയി എത്തിയിരിക്കുന്നത്. മൂന്ന് ജയവും ഒരു തോൽവിയുമായി ഒൻ പത് പോയിന്റ് നേടിക്കൊണ്ടാണ് തൃശൂർ മാജിക് എഫ്സി ഇന്ന് കളത്തിൽ ഇറങ്ങുന്നത്. തൂവെള്ള വെളിച്ചത്തിൽ കാഴ്ചക്കാരെ ആവേശ കൊടുമുടിയിൽ എത്തിക്കുന്ന കനത്ത പോരാട്ടം ആയിരിക്കും ഇന്ന് നടക്കുക എന്നാണ് പ്രതീക്ഷിക്കുന്നത് . ആദ്യ സീസ ണിൽ നിന്ന് സ്വന്തം ആരാധ കരുടെ മുന്നിൽ കളിക്കാൻ സാധിച്ചതിന്റെ ആവേശത്തി ലാണ് കണ്ണൂർ വാരിയേഴ്സ് ഒൻപത് കണ്ണൂർ താ രങ്ങളാണ് ടീമിലു ള്ളത്. പരിചയസ മ്പന്നനായ ഗോൾ കീപ്പർ ഉബൈ ദാണ് ഗോൾപോ സ്റ്റിലുള്ളത്.

✪✪✪

ഗോവയിൽ FIDE ചെസ് ലോക കപ്പ് 2025 മൂന്നാം റൗണ്ട് പ്രവേശന മത്സരത്തിലെ ടൈബ്രേക്കറുകളിൽ ഇന്ന് എട്ട് ഇന്ത്യക്കാർ പങ്കെടുക്കും. R പ്രഗ്നാനന്ദ, വിദിത് ഗുജറാത്തി, നിഹാൽസരിൻ, എന്നിവരുൾപ്പെടെ ഇന്ന് മത്സരിക്കും.

✪✪✪

കോഴിക്കോട് കോടഞ്ചേരി മുണ്ടൂരിൽ ആഫ്രിക്കൻ പന്നി പനി സ്ഥിരീകരിച്ചു. ഫാമിൽ പന്നികൾ ചത്ത സംഭവത്തിൽ പ്രദേശത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ മൃഗസംരക്ഷണ വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തി. 30 ഓളം പന്നികളാണ് രോഗം ബാധിച്ചു ചത്തത്. മറ്റിടങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്തിതിട്ടില്ലെന്നും നിലവിൽ രോഗം നിയന്ത്രണ വിധേയമാണെന്നും അധികൃതർ പറഞ്ഞു. പന്നികളെ വിൽക്കുന്നതിനും കൊണ്ടുപോകുന്നതിനും നിയന്ത്രണം ഉണ്ട്.

✪✪✪

*News Editor & News Reader: വികെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, രജിന കെ*
*DEO : സി കെ സുബോധ്*